(ജി) അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികളിൽ 1063 പേരാണ് നിയോജക മണ്ഡലത്തിലെ സ്കൂളുകളിൽ പ്രവേശനം നേടിയത്.

(എച്ച്) നിയോജകമണ്ഡലത്തിലെ എയ്ഡഡ് സ്കൂളുകളിലെ മാനേജ്മെന്റ് കാട്ട സീറ്റുകളിലെയും അൺ എയ്ഡഡ് സ്കൂളുകളിലെയും പ്രവേശനം സംബന്ധിച്ച വിവരം ലഭ്യമായിട്ടില്ലാത്തതിനാൽ പ്രവേശനം ലഭിക്കാത്തവരുടെ കൃത്യമായ എണ്ണം കണക്കാക്കാനാവില്ല.

(ഐ) മലബാർ മേഖലയിൽ പുതിയ ഹയർ സെക്കന്ററി സ്കൂളുകൾ അനുവദിക്കുന്നതിന് പാലക്കാട് ജില്ലയെയും പരിഗണിച്ചിട്ടുണ്ട്.

പ്ലസ് വൺ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചതിനെ തുടർന്നുണ്ടായ ബുദ്ധിമുട്ടുകൾ

70 (5205) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്ക്കൂളിൽ പ്ലസ് വൺ ക്ലാസ്സിലേക്ക് പരമാവധി എത്ര വിദ്യാർത്ഥികൾക്കുവരെ പ്രവേശനം നൽകാനാണ് സർക്കാർ അനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ ;

(ബി) അംഗീകൃത അൺ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളിൽ 2010-11-ൽ പ്ലസ് വൺ പ്രവേശനത്തിന് 20% സീറ്റ് വർദ്ധിപ്പിച്ചാൽ ഒരു ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികൾ എത്രയാക്കുമെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്ലസ് വൺ ക്ലാസ്സിൽ കുട്ടികളുടെ എണ്ണം വർദ്ധിച്ചത് കാരണം പുതിയ പാഠ്യപദ്ധതി പഠിക്കാനും, പഠിപ്പിക്കാനും വിദ്യാർത്ഥികളും അദ്ധ്യാപകരും അനുഭവിക്കുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദീകരിക്കുമോ ;

(ഡി) ഒരു പ്ലസ് വൺ ക്ലാസ്സിലെ വിദ്യാർത്ഥികളുടെ എണ്ണം 50-ൽ നിജപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിൽ ഒരു കോഴ്സിന് അനുവദിച്ചിരിക്കുന്ന കുട്ടികളുടെ എണ്ണം 50 ആണ്. എന്നാൽ 2010-2011 സ്കൂൾ വർഷത്തേയ്ക്ക് എല്ലാ സർക്കാർ സ്കൂളുകളിലും 20% സീറ്റ് വർദ്ധനവും ആവശ്യപ്പെടുന്ന എയ്ഡഡ്, അൺഎയ്ഡഡ് സ്കൂളുകൾക്ക് 20% സീറ്റ് വർദ്ധനവും അനുവദിച്ചിട്ടുണ്ട്.

(ബി) അംഗീകൃത അൺ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ 20% സീറ്റ് വർദ്ധിപ്പിച്ചാൽ ഒരു ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം 60 ആകും.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഹയർ സെക്കന്ററി പഠനത്തിനുള്ള സൗകര്യങ്ങളുടെ അപര്യാപ്തതയും സ്കൂളുകൾ നിലനിൽക്കുന്ന പ്രദേശങ്ങളുടെ പ്രത്യേകതയും മറ്റ് സാമൂഹിക ഘടകങ്ങളും കണക്കിലെടുക്കേണ്ടതിനാൽ എല്ലാ പ്ലസ് വൺ ബാച്ചുകളിലും വിദ്യാർത്ഥികളുടെ എണ്ണം 50 ആക്കി നിജപ്പെടുത്തുവാൻ പ്രായോഗികമായി സാധിക്കുകയില്ല.

വി.എച്ച്.എസ്.ഇ., ഹയർ സെക്കണ്ടറി തലത്തിൽ പഠിക്കുന്ന ബധിരരായ കുട്ടികളുടെ റിക്വിസിറ്റ് അലവൻസ്

71 (5206) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മുഴുവൻ സർക്കാർ, എയ്ഡഡ്, സ്പെഷ്യൽ സ്കൂളുകളിലെ 1 മുതൽ 10 വരെയുള്ള കുട്ടികൾക്ക് നിലവിൽ പ്രതിമാസം ലഭിക്കുന്ന മെസ് അലവൻസ്, വാർഷിക സ്കൂൾ റിക്വിസിറ്റ് അലവൻസ് എന്നിവ പോലെ വി.എച്ച്.എസ്.ഇ., ഹയർ സെക്കണ്ടറി തലത്തിൽ പഠിക്കുന്ന ബധിരരായ കുട്ടികൾക്ക് റിക്വിസിറ്റ് അലവൻസ് ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന് അടിയന്തരമായി പരിഹാരം കാണുമോ ;

(സി) വി.എച്ച്.എസ്.ഇ.യിൽ പഠിക്കുന്ന ബധിരരായ വിദ്യാർത്ഥികൾക്ക് 20 രൂപ നിരക്കിൽ ലഭിക്കുന്ന മെസ് അലവൻസ് കാലാനുസൃതമായി വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാരുടെ യോഗ്യത

72 (5207) ശ്രീ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാരാവാനുള്ള (ഗവൺമെന്റ് ആന്റ് എയ്ഡഡ്) ഇപ്പോഴത്തെ യോഗ്യതയെന്താണ് ;

(ബി) പ്രസ്തുത യോഗ്യത നിശ്ചയിച്ചു കൊണ്ടുള്ള സ്പെഷ്യൽ റൂൾ ഭേദഗതി എന്നാണ് നിലവിൽ വന്നത് ; ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഒരേ വിദ്യാഭ്യാസ ഏജൻസിക്ക് കീഴിൽത്തന്നെ അദ്ധ്യാപന പരിചയമുള്ളവർ വേണമെന്നുള്ള ഉത്തരവ് പുതുതായി തുടങ്ങാനുദ്ദേശിക്കുന്ന പ്ലസ് ടു സ്കൂളുകൾക്ക് എങ്ങനെ ബാധകമാക്കാനാകും ;

LIBRARY ARCHIVES Kerala Legislative Assembly